**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1615** **01-02-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ രജിസ്ട്രാർ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ എത്ര രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | മലപ്പുറം ജില്ലയിലെ 27 സബ് രജിസ്ട്രാർ ഓഫീസുകളിൽ 15 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ടി ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വാടക കുടിശികയുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിലെ മോങ്ങം ഉൾപ്പെടെ 9 സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ വാടക കരാർ പുതുക്കി നൽകാത്തതിനാൽ ഓഫീസ് പ്രവർത്തനം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വാടകക്കരാർ പുതുക്കി നൽകാത്തതിനാൽ മലപ്പുറം ജില്ലയിൽ നാളിതുവരെ ഓഫീസ് പ്രവർത്തനം തകരാറിലായിട്ടില്ല. |
| (സി) | സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകളിൽ വാടകയിനത്തിലുള്ള ആകെ കുടിശിക എത്രയെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി കൊടുത്തു തീർത്ത് പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകളിൽ വാടകയിനത്തിലുള്ള ആകെ കുടിശിക 5,85,54,431/- രൂപയാണ്. വാടക പുതുക്കുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വാടക നിശ്ചയിച്ച് ബജറ്റ് വിഹിതത്തിന് വിധേയമായി കുടിശ്ശിക നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ